ഉത്തരം

(എ) 1986-ല ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം, 1993-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) ചട്ടങ്ങളം എന്നിവയിലെ വ്യവസ്ഥകളാണ് ബാലവേല നിയന്ത്രിക്കുന്നതിനായി തൊഴിൽ വകുപ്പു മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ബി) 1.4.2001 മുതൽ 30.6.2004 വരെയുള്ള കണക്കുകളം പ്രകാരം സംസ്ഥാനത്തൊട്ടാകെ ബാലവേല നിയമം അനുസരിച്ചുള്ള 6,453 പരിശോധനകളം നടത്തുകയും അതിൽ 32 ലംഘനങ്ങളം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്യേണ്ടതായി വന്നിട്ടില്ല.

(സി) ബാലവേല തടയുന്നതിനായി എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ക്വാഡുകളം എല്ലാ ജില്ലകളിലും മിന്നൽപരിശോധനകളം നടത്തുകയും ശ്രദ്ധയിൽപ്പെടുന്ന വീഴ്ചകൾക്കെതിരെ സത്വര നടപടികളം സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ബാലവേലക്കെതിരെ ഫലപ്രദമായ പ്രചാരണ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

## രജിസ്ട്രേഷൻ പുതുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി

75 [2212] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി ദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ വിവിധ കാരണങ്ങളാൽ യഥാസമയം പുതുക്കാൻ കഴിയാതെ വരുന്നവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ പുതുക്കി നൽകുന്നതിന് നിലവിൽ എംപ്ലോയ്മെന്റ് ഡയറക്ടർക്കാണ് അധികാരം എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ ജില്ലകളിൽനിന്നും തിരുവനന്തപുരത്ത് വന്ന് രജിസ്ട്രേഷൻ പുതുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് അതാത് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ഈ അധികാരം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻഡ് ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ് ന്യൂഡൽഹി പുറപ്പെടുവിച്ചിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മിനുട്ട്സ് (ഇ. ഇ. എം.) 2/93 പ്രകാരമാണ് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് ഈ വിവേചനാധികാരം നൽകിയിട്ടുള്ളത്. ഇത് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ല. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിന് ആവശ്യമായ രേഖകളം സഹിതം തപാൽ മുഖേന സമർപ്പിക്കുന്ന അപേക്ഷകളിലും നടപടി സ്വീകരിക്കുന്നതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly